
# എം എസ് സി എൽ പി എസ്. പൊങ്ങലടി



# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ ജില്ല | : | പത്തനംതിട്ട |
| സ്കൂൾ കോഡ് | : | 38313 |
| സ്കൂളിന്റെ പേര് | : | എം. എസ്. സി. എൽ. പി. എസ് , പൊങ്ങലടി |
| മേൽവിലാസം | : | പറന്തൽ പി.ഒ, പന്തളം |
| പിൻകോഡ് | : | 689518 |
| ഫോൺനമ്പർ | : | 9495733121 |
| ഇ.മെയിൽ | : | msclpspongaldy@gmail.com |
| ഗ്രാമപഞ്ചായത്ത് | : | പന്തളം തെക്കേക്കര |
| വിദ്യാഭ്യാസജില്ല | : | പത്തനംതിട്ട |
| സബ്ജില്ല | : | പന്തളം |
| ക്ലാസുകൾ | : | പ്രീ-പ്രൈമറി മുതൽ നാല് വരെ |
| മാനേജ്മെന്റ് | : | MSC Management |
| പഠനമാധ്യമം | : | മലയാളം |

# ആമുഖം

പത്തനംതിട്ട ജില്ലയിൽ പന്തളം തെക്കേക്കര പഞ്ചായത്തിൽ പൊങ്ങലടി ഗ്രാമത്തിലാണ് എം. എസ്.സി.എൽ.പി.എസ് സ്ഥിതി ചെയ്യുന്നത്. പാഠ്യപാഠ്യേതര രംഗത്ത് മികച്ച പ്രവർത്തനങ്ങളാണ് ഈ വിദ്യാലയം കാഴ്ച വയ്ക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്ന വസ്തുത പ്രാവർത്തികമാക്കി കൊണ്ട് അക്കാദമിക രംഗത്തും കലാ- കായിക രംഗത്തും ഒരുപോലെ മികവ് വർദ്ധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു. എല്ലാവരെയും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസം (inclusive education) പ്രാവർത്തികമാക്കാനായി വൈവിധ്യമാർന്ന ബോധനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്കൂളിന് കഴിയുന്നു.

അക്കാദമിക രംഗത്തെ മികവിന് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ്. ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്തുകൊണ്ട് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി ഈ വിദ്യാലയത്തിൽ നടപ്പിലാക്കുന്നു.

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

1) ഭാഷാശേഷി വികസനം
2) ഗണിതശേഷി വികസനം
3) ഇംഗ്ലീഷ് പഠനം
4) വായനാശേഷി വർദ്ധിപ്പിക്കൽ
5) ജൈവവൈവിധ്യ പാർക്ക്
6) സ്കോളർഷിപ്പ് പരിശീലനം
7) പഠനയാത്രകൾ
8) സ്കൂൾപത്രം
9) അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
10) കലാ- കായിക പ്രവർത്തി പരിചയ പരിശീലനങ്ങൾ
11) പച്ചക്കറിത്തോട്ടം
12) ദിനാചരണങ്ങൾ
13) ക്ലാസ് - പി.ടി.എ കാര്യക്ഷമമാക്കൽ
14) പഠനോത്സവം

## മലയാളം

## പ്രവർത്തനം - 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം, ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരം ഉറപ്പിക്കൽ<br>2) ചിഹ്നം ഉറപ്പിക്കൽ<br>3) പദനിർമ്മാണം<br>4) വാക്യനിർമ്മാണം<br>5) ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് | 2 മാസം<br>1 വർഷക്കാലം | മലയാളം ടീച്ചർ, SRG |
| 2) എല്ലാ കുട്ടികളേയും സ്വതന്ത്രവായനക്കാരാക്കുക | 1) ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കൽ<br>2) ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>3) പുതുവർഷം പുസ്തകവർഷം<br>4) ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5) വായനക്കൊരു വാർഷിക പദ്ധതി (ഓരോ ക്ലാസിലെയും വായനാ ലക്ഷ്യം തീരുമാനിക്കൽ)<br>6) സ്കൂൾ ലൈബ്രറി നവീകരണം<br>7) റീഡിംഗ്റൂം പ്രത്യേക സാക്ഷ്യമൊരുക്കൽ<br>8) വായനോത്സവം<br>9) ജന്മദിന പുസ്തകം<br>10) പത്രവായന | 6 മാസം -1 വർഷം<br>ആവശ്യമനുസരിച്ച്<br>3 മാസം<br>6 മാസം - 1 വർഷം | വിദ്യാരംഗം ചാർജ്ജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ, SRG<br>മലയാളം ടീച്ചർ |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| 1) ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | ഗണിതപ്പാട്ടുകൾ, ഗണിത ക്കേളികൾ, ചാർട്ടുകൾ, പാറ്റേണുകൾ എന്നിവ ഉപയോഗിക്കുന്നു. | ജൂൺ - ജൂലൈ | പി.ടി.എ<br>ഗണിതടീച്ചർ |
| 2) ഗണിതത്തിലെ അടിസ്ഥാന ആശയ ങ്ങൾ ഉറപ്പിക്കൽ | 1) വർക്ക് ഷീറ്റുകൾ ഉപ യോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.<br>2) ക്ലാസിലെ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടി സ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കൽ | ജൂൺ | ഗണിതടീച്ചർ |
| 3) നിത്യജീവിതവു മായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹ രിക്കൽ (സമയം, അളവ്) | | ജനുവരി - മാർച്ച് | ഗണിതടീച്ചർ |

# ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷീ വികസനം | 1) ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2) ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി മാറി മാറി ഓരോ ക്ലാസിനും ചുമതല | ജൂൺ- മാർച്ച്<br>ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക് | ഇംഗ്ലീഷ് അധ്യാപകർ |
| ഇംഗ്ലീഷ് ഭാഷയിൽ സർഗ്ഗാത്മകശേഷി വികസനം | 1) ഇംഗ്ലീഷ് കഥ, കവിത<br>2) പാഠഭാഗങ്ങളെ വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം (സ്കിറ്റ്, നാടകം, സംഭാഷണം)<br>3) ഇംഗ്ലീഷ് ന്യൂസ് റീഡിങ്ങ് | | ഇംഗ്ലീഷ് അധ്യാപകർ |

# ക്ലാസ് - പി ടി എ കാര്യക്ഷമമാക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| **ഉപമേഖല**<br><br>പഠനയാത്രകൾ<br><br>പഠനയാത്രയിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | ടീച്ചേഴ്സ് |
| **സ്കൂൾ പത്രം**<br>പത്രവായന പരിപോഷിപ്പിക്കുക | പത്രവായന- പരമാവധി ദിനപത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ. രാവിലെ പ്രധാന പത്രവാർത്തകളുടെ വായന പത്രക്വിസ് | ദിവസേന<br><br>ആഴ്ചയിൽ ഒരു ദിവസം | |
| **അധ്യാപിക ശാക്തീകരണം സ്കൂൾ SRG** | | | |
| അധ്യാപിക പരിശീലനം<br><br>ക്ലസ്റ്റർ | അധ്യാപനശേഷി മെച്ചപ്പെടുത്തൽ | | |

| | | | |
|---|---|---|---|
| **കലാ- കായിക പ്രവർത്തി പരിചയം** | | | |
| കലാമികവ് ഉള്ളവർക്ക് പരിശീലനം | കലാമികവ് ഉള്ള കുട്ടികൾക്ക് വിദഗ്ദരെ പങ്കെടുപ്പിച്ച് പരിശീലനം നൽകൽ | | |
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകൽ | | |
| പ്രവർത്തി പരിചയ പരിശീലനം | തല്പരമായ കുട്ടികൾക്ക് പ്രവർത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ | | |
| **പച്ചക്കറിത്തോട്ടം** | | | |
| സ്കൂൾ മുറ്റത്ത് പച്ചക്കറിത്തോട്ടം വിപുലപ്പെടുത്തൽ | സ്കൂൾ മുറ്റത്ത് ജൈവ പച്ചക്കറിത്തോട്ടം ഒരുക്കൽ | | |
| **ദിനാചരണങ്ങൾ** വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനവുമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | |
| **ക്ലാസ് പിടിഎ കാര്യക്ഷമമാക്കൽ** | | | |
| സിപിടിഎ ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലും | സിപിടിഎ യോഗം കാര്യക്ഷമമായി നടത്താൻ കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠനതെളിവുകൾ എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം സിപിടിഎ യിൽ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG ക്ലാസ്ടീച്ചർ |
| ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | സ്കൂൾ തന്നെ പുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവ വൈവിധ്യപാർക്ക് വിപുലപ്പെടുത്തൽ, ജൈവ പന്തൽ ഒരുക്കൽ | | |

| | | | |
|---|---|---|---|
| സ്കൂൾ മുറ്റത്ത് ഔഷധ ത്തോട്ടം വിപുലപ്പെടു ത്തൽ | ഔഷധസസ്യങ്ങളെയും ഔഷധ സസ്യങ്ങളുടെ പ്രാധാന്യം തിരിച്ച റിയുന്നതിനും ഔഷധത്തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യ ങ്ങൾക്കും നാമകരണം. | | |

## സ്കോളർഷിപ്പ് പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പരമാവധി കുട്ടി കൾക്ക് വിവിധ സ്കോളർഷിപ്പുകൾ മത്സരപരീക്ഷയി ലൂടെ ലഭ്യമാക്കൽ | LSS, SAT പരീക്ഷകൾക്ക് ചിട്ടയായ പരിശീലനം | 1 വർഷം | സയൻസ് ടീച്ചർ |

# ഉപസംഹാരം

എം. എസ് സി. എൽ.പി. എസ് പൊങ്ങലടി സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർപ്ലാൻ സ്കൂളിന്റെ പാഠ്യ - പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയ്യാറാക്കിയതാണ്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണ്ണമായും പ്രാവർത്തിക്കമൊക്കാൻ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത്. കേരള ഗവൺമെന്റിന്റെ സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് തുടർച്ച ഉണ്ടാകുന്നു. പുതിയ ലോകം സൃഷ്ടിക്കാനുള്ള കർമ്മ പദ്ധതിയായി ഈ മാസ്റ്റർപ്ലാൻ ഉപകരിക്കുമെന്ന് പ്രത്യാശിക്കുന്നു.